LIBRARY ARCHIVES Kerala Legislative Assembly

മിഷൻ 676-ആരോഗ്യസുരക്ഷ

104 (796) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. വി. റ്റി ബൽറാം :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത മിഷൻവഴി ആരോഗ്യവകുപ്പിന്റെകീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആരോഗ്യവകുപ്പിലെ വിരമിക്കൽ പ്രായം

105 (797) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ വിരമിക്കൽപ്രായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വിഭാഗം ഡോക്ടർമാർക്ക് എത്ര വയസ്സുവരെയെന്ന് വിശദമാക്കാമോ ;

(ബി) ആരോഗ്യവകുപ്പിൽ മറ്റേതെല്ലാംവിഭാഗം ജീവനക്കാരുടെ പെൻഷൻപ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ;